"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. ബിജു കെ ജെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 969/2025 നമ്പർ കേസിന്മേലുള്ള 31.07.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2270/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:-

1. സ.ഉ (എം.എസ്) 49/2016/ത.സ്വ.ഭ.വ, തീയതി 04.03.2016
2. തദ്ദേശ സ്വയംഭരണ വകുപ്പ് നഗരകാര്യ ഡയറക്ടറുടെ 03.09.2024 തീയതിയിലെ LSGD/PD/24490/2024-PENA5 നമ്പർ ഉത്തരവ്
3. ശ്രീ. ബിജു കെ ജെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 969/2025 നമ്പർ കേസിന്മേലുള്ള 31.07.2025 തീയതിയിലെ ഉത്തരവ്
4. താനൂർ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 10.09.2025 തീയതിയിലെ 4406915-2025 നമ്പർ കത്ത്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.09.2025 തീയതിയിലെ LSGD/PD/24490/2024-PENA5 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

ശ്രീ.ബിജു കെ.ജെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA-969/2025 ഹർജിയിലെ 31.07.2025 തീയതിയിലെ പരാമർശം (3) ഉത്തരവിൽ അപേക്ഷകനെയും 3, 4 എതിർകക്ഷികളെയും നേരിൽ കേട്ടതിന് ശേഷം Annexure എ6 നിവേദനത്തിൻമേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ഒന്നാം കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ശ്രീ.ബിജു കെ.ജെ സമർപ്പിച്ച 31.05.2025 തീയതിയിലെ അപേക്ഷയിൽ (Annexure എ6) ടിയാന്റെ പെൻഷനാനുകൂല്യങ്ങൾ 18% പലിശ ഉൾപ്പെടെ കാലവിളംബം സൃഷ്ടിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ബഹു.ട്രൈബ്യൂണൽ നിർദ്ദേശ പ്രകാരം അപേക്ഷകനെ 11.09.2025 ൽ നേരിൽ കേട്ടു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും ക്ലാർക്കും പങ്കെടുക്കുകയും കൂടാതെ താനൂർ മുനിസിപ്പൽ സെക്രട്ടറി ഓൺലൈൻ മുഖാന്തിരം ഹിയറിങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

(2) ശ്രീ.ബിജു ആലപ്പുഴ നഗരസഭയിൽ സീനിയർ ക്ലാർക്കായിരിക്കെ 31.05.2024 ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ടിയാൻ 2018-19 വർഷങ്ങളിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തിരുന്ന താനൂർ നഗരസഭ മുഖാന്തിരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി

അപേക്ഷ സമർപ്പിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരുന്നില്ല എന്നതാണ് ഈ കേസിനാധാരമായ വിഷയം. ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് താനൂർ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി നഗരകാര്യ ഡയറക്ടർ ഉത്തരവ് വന്നതിനുശേഷം അതിനെ കുറിച്ച് യാതൊരു വിവരങ്ങളും ബന്ധപ്പെട്ട നഗരസഭയിൽ നിന്നും ലഭിക്കാതെ വന്നപ്പോൾ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടിയാന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് നഗരസഭ കൗൺസിൽ ഐകകണ്ഠേന നിരസിച്ചതായുള്ള തീരുമാനമാണ് സ്വീകരിച്ചതെന്ന് അറിഞ്ഞുവെന്നും തനതു ഫണ്ടിൽ 4,16,65,053/- രൂപ ഉണ്ടായിട്ടും പ്രതിമാസ പെൻഷൻ പോലും അനുവദിക്കാതിരുന്ന നഗരസഭ കൗൺസിലിന്റെ തീരുമാനം തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറെ അറിയിക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോയത് നഗരസഭ സെക്രട്ടറിയുടെ ഭാഗത്ത് നിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയായി കാണേണ്ടതും, ബഹു.സർക്കാർ ഉത്തരവിനെ ഗൗരവമായി കാണാതെ പോയത് ചട്ടലംഘനവുമാണെന്നും കൂടാതെ 2015 വർഷത്തിൽ നഗരകാര്യ ഡയറക്ടർ നൽകിയിട്ടുള്ള സർക്കുലറിൽ ഏതൊരു നഗരസഭ ജീവനക്കാരനും അയാൾ ഓപ്റ്റ് ചെയ്യുന്ന നഗരസഭയിൽ നിന്നുതന്നെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ശ്രീ.ബിജു അറിയിച്ചു. ആയതിനാൽ ടിയാന് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

(3) ആലപ്പുഴ നഗരസഭയിൽ നിന്നും 31.05.2024 ൽ സീനിയർ ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ.ബിജു കെ.ജെ പെൻഷൻ ആനുകൂല്യങ്ങൾക്കായി താനൂർ നഗരസഭയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ താനൂർ നഗരസഭയെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണെന്നും പെൻഷൻ ആകുന്ന ജീവനക്കാരൻ ഏത് നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം മുനിസിപ്പൽ ആക്ട് പ്രകാരമുള്ളതാണെന്നും താനൂർ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിൽ കാലാകാലങ്ങളായി തുക ഒടുക്കി വരുന്നുണ്ടെന്നും നാളിതുവരെ പെൻഷൻ അലോട്ട്മെന്റ് ആവശ്യപ്പെട്ട് താനൂർ നഗരസഭ സെക്രട്ടറി കത്ത് നൽകിയിട്ടില്ലാത്തതുമാണെന്നും കോടതി ഉത്തരവ് പാലിക്കുന്നതിന് താനൂർ നഗരസഭ ബാധ്യസ്ഥരാണെന്ന് കാണുന്നതായും ലഭ്യമായ രേഖകൾ പ്രകാരം ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ താനൂർ നഗരസഭയിൽ നിന്ന് തന്നെ നൽകാവുന്നതാണെന്നും പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(4) ശ്രീ.ബിജു കെ.ജെ എന്നവർക്ക് താനൂർ നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന ബഹു.നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നഗരസഭാ കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യുകയും തനത് ഫണ്ട് അപര്യാപ്തമായതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് നിരസിച്ച് 28.10.2024 തീയതിയിലെ 23/1 നമ്പറായി മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് ഖണ്ഡിക 7 പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് 04.03.2016

തീയതിയിലെ സ.ഉ (എം.എസ്) 49/2016/ത.സ്വ.ഭ.വ പ്രകാരം നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയാണ് ഉത്തരവായിട്ടുള്ളതെന്നും ആയതിനാൽ തീരുമാനം പുനഃപരിശോധിക്കുന്നതിന് നഗരസഭാ കൗൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ആയത് നിലവിലെ ഫണ്ടിന്റെ അപര്യാപ്തത കണക്കിലെടുത്ത് ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭയിൽ നിന്നും അനുവദിക്കുന്ന വിഷയം പുനഃപരിശോധിക്കുന്നതിനായി സർക്കാരിലേക്ക് അയക്കുന്നതിന് 09.01.2024 തീയതിയിലെ താനൂർ നഗരസഭാ കൗൺസിൽ യോഗത്തിലെ 25/1 നമ്പർ പ്രകാരം നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ് എന്നും താനൂർ നഗരസഭ സെക്രട്ടറി പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ വിരമിക്കുമ്പോൾ അവർ ഓപ്റ്റ് ചെയ്യുന്ന നഗരസഭയിൽ നിന്ന് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. പരാമർശം (1) ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും വിരമിക്കുന്ന നഗരസഭ ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഇതിലേക്കാവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നഗരസഭയ്ക്ക് നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ശ്രീ.ബിജു.കെ.ജെ , പെൻഷന് ഓപ്റ്റ് ചെയ്തതനുസരിച്ച് താനൂർ നഗരസഭയിൽ നിന്ന് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിൻപ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം, നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(6) മേൽ സാഹചര്യത്തിൽ, നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) ഉത്തരവിൻ പ്രകാരം ശ്രീ.ബിജു കെ.ജെ. യുടെ പെൻഷനാനുകൂല്യങ്ങൾ ഇനിയൊരു കാലതാമസം കൂടാതെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ താനൂർ നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(7) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 969/2025 നമ്പർ കേസിന്മേലുള്ള 31.07.2025 തീയതിയിലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
3. സെക്രട്ടറി, താനൂർ നഗരസഭ
4. Sri. Biju K J, Kalathil H, Nedumudy, Alappuzha, 688503
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-09-2025 14:53:26
സെക്ഷൻ ഓഫീസർ